(എഫ്) ലെപ്രസി സാനറ്റോറിയത്തെ താലൂക്കാശുപത്രിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ജി) ലെപ്രസി സാനറ്റോറിയത്തെ താലൂക്കാശുപത്രിയാക്കുന്നതിനായി ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) തീരുമാനമെടുത്തിട്ടില്ല.

(ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിൽ 71 സ്ത്രീകളും 110 പുരുഷന്മാരും ഉൾപ്പെടെ 181 അന്തേവാസികളാണ് നൂറനാട് ലെപ്രസി സാനിറ്റോറിയത്തിലുള്ളത്. അതിൽ 159 പേർ വികലാംഗരാണ്. അന്തേവാസികളിൽ 90 ശതമാനംപേരും വൃദ്ധരാണ്.

(ഡി) നൂറനാട് ലെപ്രസി സാനറ്റോറിയം സൂപ്രണ്ട് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്.

(ഇ) കോഴിക്കോട് ജില്ലയിലെ ചേവായൂർ, ആലപ്പുഴയിലെ നൂറനാട് എന്നീ കേന്ദ്രങ്ങളിലെ അന്തേവാസികളെക്കൂടി കൊരട്ടി ഗാന്ധിഗ്രാം ആശുപത്രിയിൽ കൊണ്ടുവന്ന് സംരക്ഷിക്കാവുന്നതാണെന്ന ഒരു നിർദ്ദേശം തൃശ്ശൂർ ജില്ലാ കളക്ടർ സർക്കാരിലേക്ക് ലഭ്യമാക്കുകയും സർക്കാർ ഈ നിർദ്ദേശത്തിന്റെ പ്രായോഗികത പരിശോധിക്കുകയുമുണ്ടായി. പ്രസ്തുത നിർദ്ദേശം നിലവിലെ സാഹചര്യത്തിൽ പ്രയോഗികമല്ലെന്നും അന്തേവാസികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കുമെന്നും വിലയിരുത്തിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ ഒന്നുംതന്നെ സർക്കാർ തലത്തിലുണ്ടായില്ല.

(എഫ്&ജി) ഇത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വിഷാംശം കലർന്ന മത്സ്യം വിപണനത്തിന്

19 (T4822) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിച്ച് വിതരണം ചെയ്യുന്ന മത്സ്യങ്ങളിൽ വിഷലിപ്തമായ വസ്തുക്കൾ കണ്ടെത്തിയതായ റിപ്പോർട്ടുകളുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിൽ വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വിഷാംശം ഉണ്ടോ എന്ന് കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ; കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഇത്തരത്തിൽ എത്ര സംഭവങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) വിഷാംശമുള്ള മത്സ്യം വിപണനത്തിന് എത്തിച്ചതിനെതിരെ എന്തെങ്കിലും കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എത്ര കേസ്സുകൾ ; എവിടെയെല്ലാം ; വിശദമാക്കാമോ ;

(ഡി) വിഷാംശം കലർന്ന മത്സ്യം ഇവിടെ എത്തുമ്പോൾ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പിനെ വിവരം ധരിപ്പിച്ച് കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനു സർക്കാർ തലത്തിൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ?

ഉത്തരം

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിച്ച് വിതരണം ചെയ്യുന്ന മത്സ്യങ്ങളിൽ ഫോർമാലിനും അമോണിയയുടെ വർദ്ധിച്ച അളവും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിച്ച് വിതരണം ചെയ്യുന്ന മത്സ്യങ്ങളിൽ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകളിൽ മത്സ്യത്തിന്റെ സാമ്പിൾ പരിശോധിക്കുവാൻ സംവിധാനമുണ്ട്. കൂടാതെ കൂടുതൽ ആധുനികമായ ഗ്യാസ് ക്രൊമാറ്റോ ഗ്രാഫ് സ്പെക്ട്രോ മീറ്റർ എന്ന ഉപകരണവും സ്ഥാപിക്കുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് പരിശോധിച്ച മത്സ്യസാമ്പിളുകളിൽ വിഷസാന്നിദ്ധ്യമുള്ളതായി കണ്ടെത്തിയിട്ടില്ല.

(സി) ഇതുസംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്ന മത്സ്യത്തിന്റെ സാമ്പിളുകൾ പരിശോധിച്ചതിൽ ഫോർമാലിന്റെയും വർദ്ധിച്ചതോതിലുള്ള അമോണിയയുടെയും സാന്നിദ്ധ്യം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക, ഗോവ എന്നീ സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാർക്ക് ഇതുസംബന്ധിച്ച് കർശന നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇതിനകം കത്ത് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly